**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 276** **22-02-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ അങ്കണവാടി നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | Smt Veena George<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വനിതാ ശിശുവികസന വകുപ്പ് കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഉഴവൂർ-മാഞ്ഞൂർ പഞ്ചായത്ത് 2,9 വാർഡുകളിലെ അങ്കണവാടി നിർമ്മാണത്തിനു വേണ്ടി മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്റ്റിന്റെ സ്ഥലം വിട്ടു നൽകുന്നതിനായുള്ള വ്യക്തമായ റിപ്പോർട്ട് സർക്കാരിന് നൽകിയിട്ടുണ്ടോ; ഇല്ലായെങ്കിൽ ഇതിൽ ഉണ്ടായിരിക്കുന്ന കാലതാമസം വിശദീകരിക്കാമോ; | (എ) | ഉണ്ട്. |
| (ബി) | 30/10/2021 ൽ വനിതാ ശിശുവികസന വകുപ്പ് ബി1/224/2021 പ്രകാരം സർക്കാർ നൽകിയ കത്തിന് മറുപടി നൽകാൻ ഡയറക്ടറേറ്റിൽ കാലതാമസം ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; പ്രസ്തുത റിപ്പോർട്ട് ജില്ലാ ഓഫീസിൽ നിന്നും ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ കോപ്പി ലഭ്യമാക്കാമോ; | (ബി) | 30.10.2021ലെ ബി1/224/2021 പ്രകാരമുള്ള സർക്കാർ കത്ത് ഡയറക്ടറേറ്റിൽ ലഭ്യമായത് 10/11/2021ന് ആണ്. ടി വിഷയത്തിന് ആധാരമായ വിവര ശേഖരണം ഉഴവൂർ ശിശു വികസന പദ്ധതി ഓഫീസർ മുഖാന്തിരം നടത്തി, ലഭ്യമായ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14/02/2022 ലെ ICDS/B5-18566/2021 നമ്പർ കത്ത് പ്രകാരമാണ് സർക്കാരിൽ റിപ്പോർട്ട് ലഭ്യമായത്. ടി വിഷയത്തിൽ ജില്ലാ ഓഫീസറിൽ നിന്ന് റിപ്പോർട്ടുകളൊന്നും ആവശ്യപ്പെട്ടിട്ടില്ല. |
| (സി) | ഒരു റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിലേക്കായി ഡയറക്ടറേറ്റിലും ജില്ലാ ഓഫീസിലുമായി 4 മാസത്തെ സമയം എടുക്കുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | വിവരശേഖരണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനാവശ്യമായ കാലതാമസമാണ് ഉണ്ടായിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ